**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1672** **08-12-2022 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് മണ്ഡലത്തിലെ ഡിജിറ്റൽ സർവെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ സർവെയുടെ ഭാഗമായി എത്ര വില്ലേജുകളിൽ സർവെ നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | 2022 നവംബർ മാസം ഒന്നാം തീയതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ 6 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആദ്യഘട്ട സർവ്വേക്കായി തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ ലഭ്യമായ എല്ലാ മുൻ റിക്കോർഡുകളുടെയും സ്കാനിംഗ് ജോലി പൂർത്തീകരിച്ചു. ഫീൽഡ് സർവ്വേയിൽ ഏർപ്പെട്ടിരിക്കുന്ന സർവ്വേയർമാർക്ക് എളുപ്പത്തിൽ അക്സസ് ചെയ്യുന്നതിനായി ബന്ധപ്പെട്ട എല്ലാ രേഖകളും ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിന് സജ്ജീകരിച്ചിട്ടുള്ള എന്റെ ഭൂമി പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. 2022 നവംബർ 1-ാം തീയതി ആരംഭിച്ച 200 വില്ലേജുകളിലെ ഡിജിറ്റൽ റീസർവ്വേ നടപടികൾ ആറ് മാസത്തിനകം പൂർത്തീകരിക്കും. |
| (ബി) | ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽപ്പെട്ട ഏതൊക്കെ വില്ലേജുകളിൽ പ്രസ്തുത സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ട്; അവയുടെ പുരോഗതി വിശദമാക്കുമോ? | (ബി) | ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മുദാക്കൽ, വെയിലൂർ, മേൽതോന്നയ്ക്കൽ എന്നീ വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വില്ലേജുകളുടെ റിക്കാർഡ് കളക്ഷൻ, സ്കാനിംഗ്, Meta Data Uploading, ബ്ലോക്ക് ഫോർമേഷൻ എന്നീ ജോലികൾ പൂർത്തികരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ